കേരളസർവകലാശാല
*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 113/2025** **തിരുവനന്തപുരം, തീയതി: 28.05.2025**

# പത്രക്കുറിപ്പ്

## പരീക്ഷ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2025 മെയ് 28 മുതൽ 31 വരെ നടത്താനിരുന്നതും മാറ്റിവച്ചതുമായ പരീക്ഷകളുടെ പുനഃക്രമീകരിച്ച തീയതി വെബ്സൈറ്റിൽ ലഭ്യമാണ്. (**www.keralauniversity.ac.in**).

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബിഎ ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ, ബിഎ കമ്മ്യൂണിക്കേറ്റീവ് അറബിക്, ബിബിഎ ലോജിസ്റ്റിക്സ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2025 ജൂൺ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബിഎസ്സി കമ്പ്യൂട്ടർ സയൻസ്, ബിഎ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (133) (റെഗുലർ - 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2020 - 2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 – 2019 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2025 ജൂൺ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ നടത്തുന്ന ആറ് മാസദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിലേക്കും മൂന്ന് മാസ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സിലേക്കും അപേക്ഷ ക്ഷണിക്കുന്നു. പ്ലസ്ടു കഴിഞ്ഞവർക്ക് അപേക്ഷിക്കാം. പ്രായപരിധി ഇല്ല. അപേക്ഷാഫോം ക്രിസ്ത്യൻ കോളേജ് ലൈബ്രറിയിൽ നിന്നും ലഭിക്കുന്നതാണ്. ക്ലാസ്സുകൾ ജൂണിൽ ആരംഭിക്കുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2025 ജൂൺ 15. വിശദവിവരങ്ങൾക്ക്: 8547075155, 9447319605.

## പിഎച്ച്.ഡി നൽകി

ശ്രീമതി. അശ്വതി ജെ. (ബയോകെമിസ്ട്രി), ശ്രീമതി. അഞ്ചന രതീഷ്, ശ്രീ. അജീഷ് ബി.എൽ. (ബയോടെക്നോളജി), ശ്രീ. ഷലാജ് ആർ., ശ്രീമതി. ചിപ്പി എസ്.എൽ. (ബോട്ടണി), ശ്രീമതി. വിദ്യ എൻ.പി. (കമ്പ്യൂട്ടർ സയൻസ്), ശ്രീമതി. ദീപ നായർ കെ. (സിവിൽ എഞ്ചിനീയറിംഗ്), ശ്രീമതി. ഷംന എച്ച്.എസ്., ശ്രീമതി. സുജി

ഡേവിഡ്, ശ്രീമതി. മിനൂജ ബീഗം എ., (ഹിസ്റ്ററി), ശ്രീമതി. സുമ ബി. (മലയാളം), ശ്രീമതി. അശ്വതി ദേവി പി. (എൻവയോൺമെന്റൽ സയൻസസ്) എന്നിവർക്ക് പിഎച്ച്.ഡി നൽകുന്നതിന് 2025 മെയ് 27 ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനമായി.



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)


**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**